## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ. 1931 05/10/2016-ൽ മറുപടിയ്ക്ക്.

**മായം കലർന്ന പാലും പാലുല്പന്നങ്ങളും നിരോധിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ പ്രദീപ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിനു പുറത്തുനിന്നും വിൽപ്പനയ്ക്കായി വരുന്ന പല കമ്പനികളുടെയും പാലും പാലുല്പന്നങ്ങളും മായം കലർന്നും, രാസവസ്തുക്കൾ ചേർന്നും ഭക്ഷ്യയോഗ്യമല്ലാത്തതാണ് എന്ന വാർത്തകൾ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) മായം കലർന്നതും, രാസവസ്തുക്കൾ ചേർന്ന് ഭക്ഷ്യയോഗ്യമല്ലാത്തതുമായ പാലുല്പന്നങ്ങൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ജില്ലകളിൽ പാൽ സാമ്പിളുകൾ പരിശോധിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിട-ങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ, മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) ഇതു പ്രകാരം ഏതെല്ലാം കമ്പനികളുടെ പാലും പാലുല്പന്നങ്ങളുമാണ് ഭക്ഷ്യയോഗ്യമല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്, വിശദാംശം വ്യക്തമാക്കുമോ? | (സി) 1. സെൻട്രൽ പ്രോഡക്റ്റ് ഡയറി, എം .ആർ.സി.എം.പി.യു ലിമിറ്റഡ്, ബേപ്പൂർ നോർത്ത്, കോഴിക്കോട്<br>2. ഫ്രഷ് ബ്രാൻഡ് പാസ്ച്ചറൈസ്ഡ് ഡബിൾ ടോണ്ട് മിൽക്ക്, തെങ്കാശ്ശി<br>3. ജേഷ്ഠ ക്രീം മിൽക്ക് എന്നിവയാണ്. |

സെക്ഷൻ ഓഫീസർ.